©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2023 മേയ് 02<br>02nd May 2023<br>1198 മേടം 18<br>18th Medam 1198<br>1945 വൈശാഖം 12<br>12th Vaisakha 1945 | നമ്പർ<br>No. 1481 |

GOVERNMENT OF KERALA

**Labour and Skills (E) Department**

NOTIFICATION

No.LBRD-E1/17/2023-LBRD. *Dated, Thiruvananthapuram, 29th April, 2023*
*15th Medam, 1198.*

The following proposal regarding the revision of minimum rates of wages which the Government of Kerala proposes to make in exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with clause (b) of sub-section (1) of section 5 thereof and in supersession of the notification issued under G. O. (P)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

No. 45/2017/LBR. dated 24th May 2017 and published as S.R.O. No.289/2017 in the Kerala Gazette Extraordinary No.1090 dated 27th May, 2017, payable to the classes of employees employed in Medical Shops in the State of Kerala, as specified in the Schedule annexed hereto are hereby published for the information of all persons likely to be affected thereby as required by clause (b) of sub-section (1) of section 5 of the said Act.

Notice is hereby given that the said proposal will be taken up for consideration on or after two months from the date of publication of this notification in the official Gazette and that the objections and suggestions, if any, that may be received from any person with respect to the said proposal on or before the time limit specified above, will be considered by the Government. All such objections and suggestions shall be addressed to the Secretary to Government, Labour and Skills (E) Department, Government Secretariat, Thiruvananthapuram - 695 001.

## SCHEDULE

**I. Basic scale of pay**

| *Serial No.* | *Post/Occupation* | *Basic wage rate (₹)* |
|---|---|---|
| *(1)* | *(2)* | *(3)* |
| 1 | Pharmacist (Allopathy) | 22680-370-24530-400-26530 |
| 2 | Pharmacist Ayurveda/Pharmacist Homeopathy | 21420-350-23170-370-25020 |
| 3 | Accountant | 21420-340-23120-370-24970 |
| 4 | Clerk/Cashier/Computer Operator/ Computer Programmer/Store Keeper | 20580-320-22180-350-23930 |
| 5 | Sales Assistant (Allopathy) (Distributors Shops, Retail/Wholesale Shops) | 19460-300-20960-320-22560 |
| 6 | Sales Assistant (Homeopathy/Ayurveda Medical Shops, Wholesale/Distributors Shops) | 18480-280-19880-300-21380 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| 7 | General Worker/Attender/Packer (Wholesale/Distributors shops) | 18900-290-20350-320-21950 |
| 8 | Competent person (Wholesale/Distributors shops) | 20580-320-22180-350-23930 |
| 9 | Sales Representative (Allopathy) (Wholesale/Distributors shops) | 19460-300-20960-320-22560 |
| 10 | Sales Representative (Homeopathy) (Ayurveda Medical shops) (Wholesale/Distributors shops) | 18480-280-19880-300-21380 |

*Note :-* Minimum Wages as prescribed above is eligible to be provided to the Sales Representatives (Allopathy, Homeopathy, Ayurveda) in Medicine Distribution category, if they canvass purchase orders for not less than rupees 6 lakhs per month and in the Distribution of Surgical Equipments category, if they canvass purchase orders for not less than rupees 4 lakhs per month. If sufficient number of purchase orders have not been canvassed, the minimum wages will be applicable only in proportion to the purchase orders canvassed. If more than sufficient purchase orders have been canvassed, and for which no separate commission has been awarded, the service shall be carried over to the coming months.

**II. Dearness Allowance**

In addition to the basic wages, the employees shall be eligible for Dearness Allowance calculated on the basis of the latest available Consumer Price Index Numbers for each month published for the District Headquarters concerned by the Department of Economics and Statistics, Government of Kerala at the rate of ₹60 (Rupees Sixty only) per each point above 400 points in the new series ie. 2011-12=100.

**III. General Conditions**

1) In case the employees are at present getting higher wages than the minimum wages fixed as per this notification, they shall be entitled to get such higher rates.

2) In case any post or category of an establishment is not included in the schedule above, they shall be eligible for the basic wages prescribed for equivalent post/category.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3) The daily wage rate in respect of the category of employees for whom monthly rate is fixed as per this notification may be calculated by dividing the sum of Basic Pay, Dearness Allowance and increment by the number of working days in a month, which is 26.

By order of the Governor,
**AJIT KUMAR**
***Secretary to Government.***

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സർക്കാർ

**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്**

വിജ്ഞാപനം

നമ്പർ. ഇ 1/17/2023/തൊഴിൽ

തിരുവനന്തപുരം, തീയതി, 2023, ഏപ്രിൽ 29
1198, മേടം 15.

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, (ബി) ഖണ്ഡവും കൂട്ടിവായിച്ച പ്രകാരവും നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 2017 മേയ് 24-ാം തീയതിയിലെ സ.ഉ.(അച്ചടി) നം.45/2017/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2017 മേയ് 27-ാം തീയതിയിലെ 1090-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 289/2017 നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, കേരള സർക്കാർ, സംസ്ഥാനത്തെ മെഡിക്കൽ ഷോപ്പുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറഞ്ഞിട്ടുള്ള പ്രകാരം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം അത് ബാധകമാകാനിടയുള്ള എല്ലാ ആളുകളുടെയും അറിവിലേയ്ക്കായി ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

പ്രസ്തുത നിർദ്ദേശങ്ങൾ ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ രണ്ട് മാസം തികയുന്ന തീയതിയ്ക്കോ അതിനു ശേഷമോ പരിഗണനയ്ക്ക് എടുക്കുന്നതാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ സംബന്ധിച്ച് മേൽപ്പറഞ്ഞ കാലാവധിയ്ക്കോ അതിനു മുമ്പോ ഏതെങ്കിലും ആളിൽനിന്ന് ലഭിച്ചേക്കാവുന്ന അങ്ങനെയുള്ള ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ, എന്തെങ്കിലുമുണ്ടെങ്കിൽ, അവ സർക്കാർ പരിഗണനയ്ക്കെടുക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു. അങ്ങനെയുള്ള എല്ലാ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഗവൺമെന്റ് സെക്രട്ടറി, തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 695 001 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

**പട്ടിക**

**I. അടിസ്ഥാന ശമ്പള സ്കെയിൽ**

| *ക്രമ നമ്പർ* | *തസ്തിക/ജോലി* | *അടിസ്ഥാന വേതന നിരക്ക് (രൂപ)* |
|---|---|---|
| *(1)* | *(2)* | *(3)* |
| 1 | ഫാർമസിസ്റ്റ് (അലോപ്പതി) | 22680-370-24530-400-26530 |
| 2 | ആയുർവേദ ഫാർമസിസ്റ്റ് / ഹോമിയോപ്പതി ഫാർമസിസ്റ്റ് | 21420-350-23170-370-25020 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| 3 | അക്കൗണ്ടന്റ് | 21420-340-23120-370-24970 |
| 4 | ക്ലർക്ക്/ക്യാഷ്യർ/കമ്പ്യൂട്ടർ ഓപ്പറേറ്റർ/ കമ്പ്യൂട്ടർ പ്രോഗ്രാമർ/സ്റ്റോർ കീപ്പർ | 20580-320-22180-350-23930 |
| 5 | സെയിൽസ് അസിസ്റ്റന്റ് (അലോപ്പതി) (ഡിസ്ട്രിബ്യൂട്ടർ ഷോപ്പുകൾ, റീട്ടെയിൽ/ ഹോൾസെയിൽ ഷോപ്പുകൾ) | 19460-300-20960-320-22560 |
| 6 | സെയിൽസ് അസിസ്റ്റന്റ് (ഹോമിയോപ്പതി/ ആയുർവേദ മെഡിക്കൽ ഷോപ്പുകൾ, ഹോൾസെയിൽ ഡിസ്ട്രിബ്യൂട്ടേഴ്സ് ഷോപ്പുകൾ) | 18480-280-19880-300-21380 |
| 7 | ജനറൽ വർക്കർ/അറ്റൻഡർ/പാക്കർ/ (ഹോൾസെയിൽ/ഡിസ്ട്രിബ്യൂട്ടേഴ്സ് ഷോപ്പുകൾ) | 18900-290-20350-320-21950 |
| 8 | കോംപീറ്റന്റ് പേഴ്സൺ (ഹോൾസെയിൽ/ ഡിസ്ട്രിബ്യൂട്ടേഴ്സ് ഷോപ്പുകൾ) | 20580-320-22180-350-23930 |
| 9 | സെയിൽസ് റെപ്രസന്റേറ്റീവ് (അലോപ്പതി) (ഹോൾസെയിൽ/ഡിസ്ട്രിബ്യൂട്ടേഴ്സ് ഷോപ്പുകൾ) | 19460-300-20960-320-22560 |
| 10 | സെയിൽസ് റെപ്രസന്റേറ്റീവ് (ഹോമിയോപ്പതി) (ആയുർവേദ മെഡിക്കൽ ഷോപ്പുകൾ) (ഹോൾസെയിൽ/ഡിസ്ട്രിബ്യൂട്ടേഴ്സ് ഷോപ്പുകൾ) | 18480-280-19880-300-21380 |

കുറിപ്പ് :- സെയിൽസ് റെപ്രസന്റേറ്റീവ് (അലോപ്പതി, ഹോമിയോപ്പതി, ആയുർവേദം) മെഡിസിൻ ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലുള്ളവർ പ്രതിമാസം 6 ലക്ഷം രൂപയിൽ കുറയാത്ത പർച്ചേസ് ഓർഡറുകളും സർജിക്കൽ ഉപകരണങ്ങളുടേയും മറ്റും ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിൽപ്പെടുന്നവർ പ്രതിമാസം 4 ലക്ഷം രൂപയിൽ കുറയാത്ത പർച്ചേസ് ഓർഡറുകളും ക്യാൻവാസ് ചെയ്തെങ്കിൽ മാത്രമേ ആ മാസത്തെ നിർണ്ണയിക്കപ്പെട്ട മിനിമം വേതനം ലഭിയ്ക്കാൻ അർഹതയുണ്ടാവുകയുള്ളൂ. നിശ്ചിത ഓർഡറുകൾ ക്യാൻവാസ് ചെയ്തില്ലെങ്കിൽ ക്യാൻവാസ് ചെയ്ത ഓർഡറുകൾക്ക് ആനുപാതികമായുള്ള ഭാഗികമായ വേതനത്തിന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. ഏതെങ്കിലും മാസം അധികം തുകയ്ക്കുള്ള ഓർഡറുകൾ ക്യാൻവാസ് ചെയ്തിട്ടുണ്ടെങ്കിൽ മേൽ നിശ്ചയിച്ച തുകയിൽ കൂടുതൽ ഉള്ളത് ആയതിന് കമ്മീഷൻ ഒന്നും പ്രത്യേകം നൽകിയിട്ടില്ലായെങ്കിൽ വരും മാസങ്ങളിലേയ്ക്ക് കണക്കാക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**II. ക്ഷാമബത്ത**

അടിസ്ഥാന വേതനത്തിനു പുറമെ ജീവനക്കാർക്ക് സംസ്ഥാന ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 2011-12=100 എന്ന ഉപഭോക്തൃവില സൂചികയിലെ അതതു ജില്ലാ കേന്ദ്രത്തിലെ ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വില സൂചികയുടെ 400 പോയിന്റിനു മേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും ₹ 60 (അറുപത് രൂപ) നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

**III. പൊതു വ്യവസ്ഥകൾ**

1) ഈ വിജ്ഞാപനത്തിൽ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനം നിലവിൽ ലഭിക്കുന്ന തൊഴിലാളികൾക്ക് അപ്രകാരമുള്ള ഉയർന്ന വേതന നിരക്ക് തുടർന്നും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

2) ഏതെങ്കിലും തസ്തിക അല്ലെങ്കിൽ വിഭാഗം പ്രത്യേകമായി പട്ടികയിൽ പ്രതിപാദിച്ചിട്ടില്ലെങ്കിൽ, അത്തരം ജീവനക്കാർക്ക് പട്ടികയിലെ സമാന തസ്തിക/വിഭാഗം ജീവനക്കാർക്ക് നിശ്ചയിച്ച നിരക്കിലുള്ള വേതനം നൽകേണ്ടതാണ്.

3) ഓരോ തസ്തികയിലേയ്ക്കും നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, ഇൻക്രിമെന്റ് എന്നിവയുടെ ആകെ തുകയെ ഒരു മാസത്തെ പ്രവൃത്തി ദിവസങ്ങളുടെ എണ്ണമായ 26 കൊണ്ട് ഭാഗിച്ച് ജീവനക്കാരുടെ ദിവസവേതനം കണക്കാക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**അജിത് കുമാർ**
*ഗവൺമെന്റ് സെക്രട്ടറി.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.05.02 07:11:10 +05:30